ജന്മഭൂമി

03 January 2018

# കാലാവസ്ഥാ മുന്നറിയിപ്പ് അവലോകനം ചെയ്യാൻ ശാസ്ത്രജ്ഞ-മത്സ്യത്തൊഴിലാളി സംഗമം

**കൊച്ചി:** ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം ഫലപ്രദമാക്കുന്നതിന് അന്താരാഷ്ട്ര സഫാരി സമ്മേളനത്തിൽ പ്രത്യേക ചർച്ച സംഘടിപ്പിക്കുന്നു. 15 മുതൽ 17 വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ(സിഎംഎഫ്ആർഐ) നേതൃത്വത്തിൽ കൊച്ചിയിൽ നടക്കുന്ന സഫാരി അന്താരാഷ്ട്ര സമ്മേളനത്തിൽ നടക്കുന്ന ശാസ്ത്രജ്ഞരുടെയും മത്സ്യത്തൊഴിലാളികളുടെയും സംയുക്ത ചർച്ചാ സംമത്തിൽ മത്സ്യത്തൊഴിലാളികൾ, കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പിലെ വിദഗ്ധർ, ഹൈദരാബാദിലെ ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (ഇൻകോയിസ്) ശാസ്ത്രജ്ഞർ, മത്സ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

കാലാവസ്ഥാ പ്രവചനം, കടൽ പ്രതിഭാസങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പുകൾ എന്നിവ ഫലപ്രദമായി മത്സ്യത്തൊഴിലാളികളിലേക്ക് എത്തുന്നതിനുള്ള മാർഗ്ഗങ്ങൾ അവലോകനം ചെയ്യും. മൊബൈൽ ആപ്പ്, ഓൺലൈൻ മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിങ്ങനെ നിലവിലുള്ള എല്ലാവിധ സേവനങ്ങളെക്കുറിച്ചും മത്സ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്തും.

## സഫാരി രാജ്യാന്തര സമ്മേളനം

കൂടാതെ, ഇത്തരം സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ നിർദ്ദേശങ്ങളും ആരായും.

ശാസ്ത്ര സമൂഹവും മത്സ്യത്തൊഴിലാളികളും ഒന്നിച്ചിരുന്ന് ചർച്ച ചെയ്യുന്നതിലൂടെ ചുഴലിക്കാറ്റ് പോലുള്ളയുടെ മുന്നറിയിപ്പ് സംവിധാനം ശരിയായ രീതിയിൽ മത്സ്യത്തൊഴിലാളികളിലേക്ക് എത്തുന്നുതിനുള്ള സംവിധാനം ഫലപ്രദമാക്കാനാകുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഈ മേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവാന്മാരാക്കാനും സംഗമത്തിലൂടെ സാധിക്കും. കാലാവസ്ഥാ മുന്നറിയിപ്പുകൾക്കായി വികസിപ്പിച്ച മൊബൈൽ ആപ്പുകളും ഓൺലൈൻ സേവനങ്ങളും മറ്റ് പല സംസ്ഥാനങ്ങളിലും മത്സ്യത്തൊഴിലാളികൾ വിജയകരമായ ഉപയോഗിക്കുമ്പോൾ കേരളത്തിൽ ഇവ വേണ്ടത്ര വിജയകരമാകാത്തതും സംഗമം ചർച്ച ചെയ്യും.

കപ്പൽ നാവികരും മത്സ്യത്തൊഴിലാളികളും തമ്മിലുള്ള ഏറ്റുമുട്ടലുകൾക്ക് ഇടവരുന്ന സാഹചര്യവും സംഗമത്തിൽ ചർച്ചയാകും. ഈ പ്രശ്നം പരിഹരിക്കുന്നതിന് മീൻപിടുത്ത മേഖല, നാവിക സഞ്ചാര പാത തുടങ്ങിയവ കൃത്യമായി നിജപ്പെടുത്തുന്ന സ്പെഷ്യൽ മാപ്പിംഗ് പഠനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് യോഗത്തിൽ തീരുമാനമാകും. സഫാരി സമ്മേളനത്തിൽ നടക്കുന്ന പ്രത്യേക സംഗമം ഫിഷറീസ് മന്ത്രി ജെ മെഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യും. സഫാരി സമ്മേളനത്തിന്റെ മുന്നോടിയായി നടക്കുന്ന ത്രിദിന പരശീലന പരിപാടി 12ന് തുടങ്ങും.